**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 651** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പൂഞ്ഞാർ മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമം പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ എരുത്വാപ്പുഴ മലവേടൻ ട്രൈബൽ ഉന്നതി, തമരപാറ പട്ടികവർഗ്ഗ ഉന്നതി, പുഞ്ചവയൽ 504 ഉന്നതി, ഇടക്കുന്നം സി.എസ്.ഐ. ഉന്നതി എന്നിവിടങ്ങളിലെ അംബേദ്ക്കർ ഗ്രാമം പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

<u>മറുപടി:</u>

- **എരുത്വാപ്പുഴ മലവേടൻ ട്രൈബൽ ഉന്നതിയിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള 25 ശതമാനത്തിലധികം പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. പദ്ധതിയുടെ ഒന്നാം പാർട്ട് ബില്ലിൽ 8,42,987/-രൂപയും, രണ്ടാം പാർട്ട് ബില്ലിൽ 9,95,556/-രൂപയും അനുവദിച്ചിട്ടുണ്ട്.**
- **തുമരംപാറ പട്ടികവർഗ്ഗ ഉന്നതിയിലെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ജില്ലാ നിർമ്മിതി കേന്ദ്രയെ തെരഞ്ഞെടുത്തിട്ടുണ്ട്. നിർവ്വഹണ ഏജൻസി ലഭ്യമാക്കിയ ഡി.പി.ആർ ലെ സാങ്കേതിക പിഴവുകൾ പരിഹരിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പരിഹരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.**
- **ഇടക്കുന്നം സി.എസ്.ഐ ഉന്നതിയിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി SILK എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്. നിർവ്വഹണ ഏജൻസി പദ്ധതിയുടെ ഡി.പി.ആർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.**
- **പുഞ്ചവയൽ 504 പട്ടികജാതി ഉന്നതിയിൽ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർഗ്രാമം പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി FIT യെ നിശ്ചയിച്ചിട്ടുണ്ട്. ടി ഉന്നതിയിൽ നടപ്പിലാക്കേണ്ട പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.**

**സെക്ഷൻ ഓഫീസർ**